സോളിഡാരിറ്റി പ്രസിഡന്റുമായി *പ്രബോധനം* നടത്തിയ അഭിമുഖം



# സോളിഡാരിറ്റി വേട്ടക്ക് പിന്നിൽ മാഫിയാ താൽപര്യങ്ങൾ

**അഭിമുഖം ● പി. മുജീബുർറഹ്മാൻ**

◄ *വികസനത്തെക്കുറിച്ച സോളിഡാരിറ്റിയുടെ കാഴ്ചപ്പാടാണല്ലോ ഇപ്പോഴത്തെ വിവാദങ്ങളുടെ പശ്ചാത്തലം. വികസനത്തെക്കുറിച്ച സോളിഡാരിറ്റിയുടെ കാഴ്ചപ്പാട് യഥാർഥത്തിൽ എന്താണ്?*

റിയൽ എസ്റ്റേറ്റ് മാഫിയകളും മുതലാളിത്ത മൂലധന ശക്തികളും ചേർന്ന് ജനകീയ സമരങ്ങൾക്കുമേൽ ചാർത്തുന്ന ആരോപണമാണ് വികസനവിരോധം. പാരിസ്ഥിതികമായി നിരവധി പ്രശ്നങ്ങൾ നേരിടുന്ന നമ്മുടെ രാജ്യത്ത് മൂലധന താൽപര്യം മാത്രം പരിഗണിച്ച് കടന്നുവരുന്ന വികസനപദ്ധതികൾ ജനങ്ങളാൽ എതിർക്കപ്പെടുക സ്വാഭാവികമാണ്. ജനലക്ഷങ്ങളെ കുടിയിറക്കി, തണ്ണീർത്തടങ്ങൾ തകർത്ത് മണ്ണും വിണ്ണും മലീമസമാക്കുന്ന പ്രകൃതിവിരുദ്ധ പദ്ധതികളോടുള്ള ജനങ്ങളുടെ പ്രതികരണമാണിത്. അതിന് സോളിഡാരിറ്റിയെയും ഇതര സാമൂഹിക പരിസ്ഥിതി സംഘടനകളെയും പഴിപറഞ്ഞിട്ട് കാര്യമില്ല. കേരളീയ സമൂഹത്തിന്റെ ശേഷിക്കുന്ന പ്രബുദ്ധതയാണ് ഇതിലൂടെ അടയാളപ്പെടുത്തപ്പെടുന്നത്. സർക്കാരും രാഷ്ട്രീയ പ്രസ്ഥാനങ്ങളും നടത്തുന്ന ഒളിച്ചുകളി ഇനിയെങ്കിലും അവസാനിപ്പിക്കണം. ഒരു ഭാഗത്ത് ആഗോളതാപനത്തെക്കുറിച്ച് ആയിരം നാക്കിൽ സംസാരിക്കുകയും അതിനെ നേരിടുന്നതിന് സ്വീകരിക്കാവുന്ന അടിയന്തര നടപടികളെക്കുറിച്ച് ചർച്ചകൾ സംഘടിപ്പിക്കുകയും ചെയ്യുക. അതേസമയം തന്നെ പരിസ്ഥിതിയെയും ആവാസ വ്യവസ്ഥയെയും തകർക്കുന്ന വൻപദ്ധതികൾ രാജ്യത്ത് നടപ്പാക്കുക. ഇതിനെ എതിർക്കു

ന്നവരെ വികസനവിരോധികളായി മുദ്രയടിക്കുക.

പരിസ്ഥിതി ദിനത്തിൽ മരം നടാൻ ആഹ്വാനം ചെയ്ത ഡി.വൈ.എഫ്.ഐയുടെ തീരുമാനം സ്വാഗതാർഹമാണ്. പക്ഷേ, കിനാലൂരിൽ വയൽ നികത്തി കെട്ടിപ്പൊക്കുന്ന നാലുവരിപ്പാതയോ കണ്ടൽവെട്ടി ജൈവവൈവിധ്യം നശിപ്പിക്കുന്ന ടൂറിസം വിപ്ലവമോ പൂക്കൃഷി നടത്താനെന്നുപറഞ്ഞ് കർഷകരെ കുടിയിറക്കി ഗോൾഫ്കളിക്കായി പുൽത്തകിട് പണിയുന്നതോ പരിസ്ഥിതിബാധയേറ്റ ഡി.വൈ.എഫ്.ഐക്ക് ബാധകമാകുന്നില്ല എന്നതാണ് പ്രശ്നം. ഇപ്പോൾ സർക്കാറുകൾ പിന്തുടരുന്ന വികസന സമീപനത്തിൽ മൗലികമായ ഒരു മാറ്റവും വരുത്താതെ മരം നട്ടുമാത്രം പരിഹരിക്കാൻ കഴിയുന്നതല്ല, കേരളം നേരിടുന്ന പാരിസ്ഥിതിക വികസനപ്രശ്നം.

◄ *നിലവിലുള്ള വികസനക്രമത്തെക്കുറിച്ച വിമർശനത്തിനപ്പുറം നാടിന്റെ വികസനത്തെക്കുറിച്ച് സോളിഡാരിറ്റിക്ക് പോസിറ്റീവായ കാഴ്ചപ്പാടുണ്ടോ?*

സോളിഡാരിറ്റി ഒരിക്കലും എല്ലാ വികസനങ്ങളെയും എതിർക്കുന്ന ഒരു പരിസ്ഥിതി മൗലികവാദി സംഘടനയല്ല. കേരളം പോലുള്ള സംസ്ഥാനത്ത് പരിസ്ഥിതി ആഘാതം കുറച്ച് എങ്ങനെ വികസന പദ്ധതികളാവാം എന്നാണ് നാം ആലോചിക്കേണ്ടത്. ചമ്രവട്ടം പദ്ധതി, നിലമ്പൂർ-നഞ്ചൻകോട് റെയിൽപ്പാത, ഹൈവേ വികസനം തുടങ്ങിയ വിവിധ വികസനപദ്ധതികൾക്കായുള്ള സമരങ്ങൾക്ക് സോളിഡാരിറ്റി നേതൃത്വം നൽകിയിട്ടുണ്ട്. വിദേശരാജ്യങ്ങളെ അപ്പാടെ കേരളത്തിലേക്ക് പകർത്താമെന്ന മന്ത്രിമാരുടെ വ്യാമോഹമാണ് പലപ്പോഴും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നത്. കേരളത്തിലിരുന്ന് കേരളത്തിന്റേതായ വികസനമാതൃക രൂപപ്പെടുത്താനാണ് നാം ശ്രമിക്കേണ്ടത്. ജനസാന്ദ്രതയുള്ള കേരളത്തിൽ ഭൂമിദൗർലഭ്യം വലിയ പ്രശ്നമാണെന്നിരിക്കെ ജനങ്ങളെ വൻതോതിൽ കുടിയൊഴിപ്പിക്കുന്ന വികസനപദ്ധതികളെക്കുറിച്ച് കാര്യമായ പുനരാലോചന നടത്തണം. എന്നാൽ അടിസ്ഥാനസൗകര്യങ്ങളുടെ വികസനം അനിവാര്യമാണെന്ന കാര്യത്തിൽ സംശയമില്ല. അതൊരിക്കലും റിയൽ എസ്റ്റേറ്റ് കച്ചവടത്തിന് വഴിയൊരുക്കലാകരുതെന്നു മാത്രം. വികസനത്തിന്റെ പേരിൽ ജനങ്ങളോട് യുദ്ധം പ്രഖ്യാപിക്കുന്നതിനു പകരം പ്രകൃതിബന്ധുവായ ഒരു വികസനസംസ്കാരം രൂപപ്പെടുത്തുവാനാണ് സർക്കാറുകൾ ശ്രമിക്കേണ്ടത്. ജനപങ്കാളിത്തത്തോടെയുള്ള ചർച്ചകൾക്കും സംവാദങ്ങൾക്കും ആശയരൂപവത്കരണത്തിനും ഇനിയും ധാരാളം അവസരമുണ്ട്.

◄ *സോളിഡാരിറ്റി എന്നതുതന്നെ മതരാഷ്ട്രവാദികളുടെ പൊയ്മുഖമാണെന്ന ആരോപണത്തെ എങ്ങനെയാണ് സംഘടന അഭിമുഖീകരിക്കുന്നത്?*

സോളിഡാരിറ്റിയെ സംബന്ധിച്ചേടത്തോളം ഒരു നിലക്കും ചേരാത്തതും അനുവദിക്കാത്തതുമായ പദാവലിയാണ് പൊയ്മുഖമെന്നത്. കാപട്യം ദൈവനിഷേധത്തേക്കാൾ വലിയ പാപമായാണ് സോളിഡാരിറ്റി കാണുന്നത്. എന്നാൽ, അടവുനയത്തെ സൈദ്ധാന്തികവൽക്കരിച്ച കമ്യൂണിസ്റ്റുകൾക്ക് എന്തുകൊണ്ടും ചേരാവുന്ന ഒരാരോപണമാണിത്. സോളിഡാരിറ്റിക്കുമേൽ പൊയ്മുഖമാരോപിക്കുന്നവർ ഏതാണീ മുഖമെന്ന് വ്യക്തമാക്കണം. സോളിഡാരിറ്റി നിർവഹിക്കുന്ന സമരസേവന പ്രവർത്തനമാണോ അതോ അതിന്റെ ആദർശമാണോ പൊയ്മുഖമെന്ന് എതിരാളികൾ ഇനിയും വ്യക്തമാക്കേണ്ടതുണ്ട്. സോളിഡാരിറ്റിയെ സംബന്ധിച്ചേടത്തോളം ഇത് രണ്ടും തുറന്ന പുസ്തകമാണ്. തത്ത്വശാസ്ത്രത്താൽ പ്രചോദിതമായ ആക്ടിവിസവും ആക്ടിവിസം മുറിച്ചുമാറ്റാനാവാത്ത തത്ത്വശാസ്ത്രവുമാണതിനുള്ളത്. മതത്തിന്റെ അടിത്തറയിലുള്ള സാമൂഹിക വിമോചന പ്രവർത്തനങ്ങളെ ഭർത്സിക്കുന്നവർ പ്രവാചകന്മാരുടെ ചരിത്രത്തെയും ഭർത്സിക്കേണ്ടിവരും. ഇത് പൊയ്മുഖമല്ല, ആദർശമുഖമാണ്. ഇനി സമരവും സാമൂഹികപ്രവർത്തനവും രാഷ്ട്രീയപാർട്ടികൾക്കേ ആകാവൂ എന്നാണെങ്കിൽ ഇന്ത്യ ജനാധിപത്യരാജ്യമാണെന്നും സ്റ്റാലിനിസ്റ്റ് സമഗ്രാധിപത്യം ഇന്ത്യയിൽ പുലർന്നിട്ടില്ലെന്നും സി.പി.എം നേതാക്കളെ ഓർമപ്പെടുത്തുകയേ നിവൃത്തിയുള്ളൂ.

◄ *സോളിഡാരിറ്റിയുടെ മതഭൂമികയിൽ നിന്നുള്ള പ്രവർത്തനങ്ങൾ വിഭാഗീയതക്കു കാരണമാകില്ലേ?*

സാമൂഹിക രാഷ്ട്രീയ ഉള്ളടക്കമുള്ള ദർശനമാണ് ഇസ്‌ലാം. ഈ ദാർശനിക അടിത്തറയിൽ നിന്നുകൊണ്ടാണ് സോളിഡാരിറ്റി അതിന്റെ പരിപാടി ആവിഷ്കരിക്കുന്നത്. രാഷ്ട്രീയവും ജാതീയവുമായ ഒരുപാട് വിഭാഗീയതകൾ ഇന്ന് കേരളത്തിലുണ്ട്. എല്ലാ വിഭാഗീയതകൾക്കും അതീതമായി മനുഷ്യനെ മനുഷ്യനായിക്കാണാൻ പഠിപ്പിക്കുന്ന ദൈവികാദർശമാണ് സോളിഡാരിറ്റിയുടെ പിൻബലം. അത് എല്ലാതരം വിഭാഗീയതകൾക്കും സ്വജനപക്ഷപാതങ്ങൾക്കുമെതിരെ ദൈവികവും മാനവികവുമായ പോരാട്ടമാണ്. സർക്കാർ പദ്ധതികൾ ജനങ്ങളിലേക്കെത്തിക്കുന്നതിൽ വരെ വിഭാ

ഗീയത പ്രകടമാണ്. അർഹരിലേക്കല്ല, അനർഹരായ പാർട്ടി പ്രവർത്തകരിലേക്കാണ് പലപ്പോഴും പല പദ്ധതികളും എത്തിപ്പെടാറ്. വിഭാഗീയതക്ക് മതപരമായ മാനം നൽകുന്നതിൽ അർഥമില്ല. സോളിഡാരിറ്റിയുടെ സമരസേവനപ്രവർത്തനങ്ങളുടെ ഗുണഭോക്താക്കൾ മനുഷ്യരാണ്. സംഘടനക്കകത്തോ അത് നടത്തിയ സാമൂഹിക ഇടപെടലുകളിലോ സേവന സംരംഭങ്ങളിലോ ഇതുവരെ യാതൊരു മത-ജാതി വിഭാഗീയതയും ചൂണ്ടിക്കാണിക്കുക സാധ്യമല്ല. മറിച്ചുള്ള ഉദാഹരണങ്ങളാകട്ടെ, ധാരാളമാണ്. പഞ്ചായത്ത് തെരഞ്ഞെടുപ്പ് മുന്നിൽ കണ്ടുകൊണ്ടുള്ള വിഭാഗീയ പ്രവർത്തനങ്ങൾ സി.പി.ഐ.എം ഇപ്പോൾതന്നെ തുടക്കം കുറിച്ചുവെന്നാണല്ലോ പാർട്ടിസെക്രട്ടറിയുടെ കൊല്ലം പ്രഭാഷണം വ്യക്തമാക്കുന്നത്.

◀ *സോളിഡാരിറ്റിയുടെ പ്രവർത്തനങ്ങളുടെ ആധിക്യം അതിന്റെ സാമ്പത്തിക ഉറവിടത്തെക്കുറിച്ച് സംശയം ജനിപ്പിക്കുന്നതാണെന്ന മന്ത്രി ഐസക്കിന്റെ പ്രസ്താവന താങ്കളുടെ ശ്രദ്ധയിൽ ഉണ്ടായിരിക്കുമല്ലോ?*

സോളിഡാരിറ്റിയുടെ വലിയ തോതിലുള്ള പ്രവർത്തനങ്ങൾ എന്തായാലും ഇവരെ വിറളി പിടിപ്പിച്ചിട്ടുണ്ട്. പ്രവർത്തനങ്ങളുടെ ആധിക്യം വെച്ച് ഫണ്ടിന്റെ ആധിക്യം കണക്കുകൂട്ടിയതാണ് ഇവർക്കുപറ്റിയ അമളി. സോളിഡാരിറ്റിയുടെ സമര-സേവന പ്രവർത്തനങ്ങൾ ഏതെടുത്താലും അതിലർപ്പിക്കപ്പെടുന്ന കായികാധ്വാനം വിലമതിക്കാനാവാത്തതാണ്. ഈയിടെ സി.പി.എം വിട്ട എ.പി അബ്ദുല്ലക്കുട്ടി തന്റെ ഭാവിയെക്കുറിച്ച് നടത്തിയ പരാമർശം ശ്രദ്ധേയമാണ്. "എനിക്കിതല്ലാത്ത മറ്റൊരു തൊഴിലും അറിയില്ല." അങ്ങനെയാണദ്ദേഹം കോൺഗ്രസിന്റെ രാഷ്ട്രീയത്തൊഴിലാളിയായി മാറിയത്. ഇത്തരം സംഘടനാ തൊഴിലാളികളോ നേതാക്കളോ സോളിഡാരിറ്റിയിലില്ല. സംഘടനാ നെറ്റ്‌വർക്ക് ചലിപ്പിക്കാൻ ഞങ്ങൾക്ക് പണം വേണ്ട, സർക്കുലർ മതി. ഓരോ പ്രദേശത്തെയും സേവനപ്രവർത്തനങ്ങൾക്ക് അതതു പ്രദേശത്തെ ഉദാരമതികളെയാണ് അവലംബിക്കാറ്. ഇതിലിന്നുവരെ കേരളം ഞങ്ങളെ നിരാശപ്പെടുത്തിയിട്ടില്ല, പ്രോത്സാഹിപ്പിച്ചിട്ടേയുള്ളൂ. സോളിഡാരിറ്റി ജനങ്ങൾക്കു വേണ്ടി ചെലവഴിച്ച കണക്കാണ് സി.പി.ഐ.എം ചോദിക്കുന്നത്. കേരളത്തിലെ ജനങ്ങളുടെ ഉദാരതയെ വിലകുറച്ചു കാണിക്കുന്ന ചോദ്യമാണിത്. പാട്ടപ്പിരിവ് നിർത്തിയിട്ടും ആയിരക്കണക്കിനു കോടി രൂപയുടെ ആസ്തിയുള്ള ഒരു രാഷ്ട്രീയപാർട്ടി ജനങ്ങൾക്കിടയിൽ നിറഞ്ഞു നിൽക്കുന്ന, ജനങ്ങളിൽ നിന്നും പിരിവെടുക്കുന്ന പ്രസ്ഥാനത്തോട് ലക്ഷങ്ങളുടെ കണക്കുചോദിക്കുന്നത് കൗതുകം തന്നെ. സി.ഐ.എയുമായി ബന്ധമുള്ള വിദേശഫണ്ട് കൈപറ്റിയതിന്റെ പേരിൽ സ്വന്തം പാർട്ടിയിൽനിന്ന് കടുത്തവിമർശനം നേരിട്ട തോമസ് ഐസക്കാണ് സോളിഡാരിറ്റിയുടെ വിദേശഫണ്ട് അന്വേഷിക്കണമെന്നാവശ്യപ്പെടുന്നുവെന്നതാണ് ഇതിലെ വലിയ തമാശ. വി.എസ് അച്യുതാനന്ദനും *ദേശാഭിമാനി* വാരികയുടെ പത്രാധിപരായിരുന്ന എം.എൻ വിജയനും സാമ്രാജ്യത്വ ചാരൻ എന്നുവിശേഷിപ്പിച്ച റിച്ചാർഡ് ഫ്രാങ്കിയുമായുള്ള ഐസക്കിന്റെ അവിഹിതബന്ധവും ഫണ്ടുവിവാദവുമൊക്കെ ശരിയാക്കിയിട്ടുപോരേ സോളിഡാരിറ്റിക്കുനേരെയുള്ള കണക്കുതീർക്കൽ. തന്റെ അവസാനത്തെ പുസ്തകവും ഐസക്ക് ഈ ഉറ്റ കൂട്ടുകാരനാണ് സമർപ്പിച്ചത്. എന്നാലും ധനകാര്യമന്ത്രിക്ക് സോളിഡാരിറ്റിയുടെ ഫണ്ടിനെക്കുറിച്ച് അന്വേഷിക്കാം. അതിലൊരിക്കലും വിദേശഫണ്ടോ ലോട്ടറി മാഫിയകളോ ഭൂമാഫിയകളോ മദ്യമാഫിയകളോ കാണില്ലെന്നുറപ്പാണ്.

◀ *സോളിഡാരിറ്റി ഒരു വർഗീയ സംഘടനയാണെന്ന് എതിരാളികൾ പരക്കെ ആരോപിക്കാറുണ്ട്?*

മത സാമുദായിക സങ്കുചിത കാഴ്ചപ്പാടുകളിൽ നിന്നും മാറി ഒരാദർശപ്രസ്ഥാനമെന്ന നിലയിലാണ് സോളിഡാരിറ്റി പ്രവർത്തിക്കുന്നത്. ഇത് മുസ്‌ലിംകളുടെ മാത്രം സംഘടനയല്ല. ഇതിലംഗങ്ങളെ ചേർക്കുന്നതോ ഇതിന്റെ പരിപാടികൾ തീരുമാനിക്കപ്പെടുന്നതോ സാമുദായികാടിസ്ഥാനത്തിലുമല്ല. വർഗീയത ആരോപിക്കുന്നവർ 1941 മുതൽ 2010 വരെയുള്ള ഇസ്‌ലാമിക പ്രസ്ഥാന ചരിത്രവും 2003 മുതൽ 2010 വരെയുള്ള സോളിഡാരിറ്റി ചരിത്രവും പരിശോധിക്കാൻ തയാറാവണം. ഏതെങ്കിലും ഘട്ടത്തിൽ കേവല മത-സാമുദായിക നിലപാട് കൈക്കൊണ്ടതായോ മതസ്പർധ വളർത്തിയതായോ ഇതര മതവിഭാഗത്തിന്റെ വികാരത്തെ വ്രണപ്പെടുത്തിയതായോ കണ്ടെത്തുക സാധ്യമല്ല. എന്നല്ല, ഇത്തരം സന്ദർഭങ്ങളിൽ മനുഷ്യമനസ്സുകളെ കോർത്തിണക്കി സൗഹാർദപ്രവർത്തനങ്ങൾക്ക് കേരളത്തിൽ നേതൃത്വം കൊടുക്കുകയാണ് ഈ പ്രസ്ഥാനം ചെയ്തിട്ടുള്ളത്. രാജ്യത്ത് നിലനിൽക്കുന്ന ബഹുസ്വര സംസ്കാരത്തെ ഉൾക്കൊള്ളുകയും ഈ വൈവിധ്യത്തെ ശക്തിപ്പെടുത്തുകയും ചെയ്തതിന്റെ സാക്ഷ്യമാണ് സോളിഡാരിറ്റിയുടെ കഴിഞ്ഞ ഏഴുവർഷത്തെ

പ്രവർത്തനങ്ങൾ.

◄ *തീവ്രവാദം സോളിഡാരിറ്റിക്കും മാതൃസംഘടനക്കുമെതിരെ ഉയർന്നുവരാറുള്ള ഒരാരോപണമാണ്?*

തീവ്രവാദികൾ എന്ന് പറയുമ്പോൾ സാധാരണ അർഥമാക്കാറുള്ളത് തങ്ങളുടെ ആവശ്യങ്ങൾ നേടിയെടുക്കാൻ മനുഷ്യരെ കൊല്ലുകയോ പരിക്കേൽപിക്കുകയോ നാശനഷ്ടങ്ങൾ വരുത്താൻ ശ്രമിക്കുകയോ ചെയ്യുന്നവർ എന്നാണ്. ആ അർഥത്തിൽ സോളിഡാരിറ്റിയോ അതിന്റെ മാതൃപ്രസ്ഥാനമോ ഇന്നേവരെ ഒരാളെയും പരിക്കേൽപിച്ചിട്ടില്ല. ഭരണ ഉപരിവർഗങ്ങളുടെ താൽപര്യങ്ങൾ നടപ്പാക്കുന്നതിന് സോളിഡാരിറ്റി തടസ്സമാകുമ്പോൾ അത്തരക്കാർ സംഘടനയെ വിളിക്കുന്ന തെറിവാക്ക് മാത്രമാണിത്. സോളിഡാരിറ്റിയോട് ജനകീയതലത്തിൽ ഏറ്റുമുട്ടി പരാജയപ്പെടുമ്പോഴാണ് ഓരോരുത്തരും ഈ അധിക്ഷേപം ഉന്നയിക്കുന്നത്. കേരളത്തിൽ അങ്ങേയറ്റം അക്രമാസക്തമായി പ്രവർത്തിക്കുന്ന, നിരന്തരമായി നിയമം കൈയിലെടുക്കുന്ന, എത്രയോ മനുഷ്യരെ അറുകൊല ചെയ്തിട്ടുള്ള ആളുകളാണ് വിശുദ്ധവും അങ്ങേയറ്റം അഹിംസാത്മകവുമായ സമരരീതി സ്വീകരിച്ച സോളിഡാരിറ്റിക്കുമേൽ തീവ്രവാദ മുദ്ര ചാർത്തുന്നത്.

◄ *സംഘടന ഇപ്പോൾ ഇത്ര കടുത്ത ആക്രമണം നേരിടേണ്ടിവന്നതിന്റെ ശരിയായ കാരണം എന്താണെന്നാണ് താങ്കൾ മനസ്സിലാക്കുന്നത്?*

സോളിഡാരിറ്റിയുടെ പ്രവർത്തനങ്ങൾ ഏറ്റവും പ്രതികൂലമായി ബാധിക്കുന്നത് കേരളത്തിലെ മാഫിയാ താൽപര്യങ്ങളെയാണ്. അതുകൊണ്ടാണ് മൂന്നാറിലെ ടാറ്റയുടെ പ്രതിനിധി ടി. ദാമുവും പിണറായി വിജയനുമെല്ലാം സോളിഡാരിറ്റിക്കെതിരെ ഒരുമിച്ചാക്രമിക്കുന്നത്. അവിഹിത താൽപര്യങ്ങളുള്ള മറ്റു ചില ശക്തികളും ഈ കാമ്പയിനിൽ അവരോടൊപ്പം ചേരാനിടയുണ്ട്. സോളിഡാരിറ്റിയെ ഒറ്റതിരിച്ചാക്രമിക്കുന്ന ഇടതുപക്ഷത്തിന് കൃത്യമായ അജണ്ടയുണ്ട്. കിനാലൂർ അതിനു നിമിത്തമാക്കുക മാത്രമാണവർ ചെയ്തിരിക്കുന്നത്. കേരളത്തിൽ ശക്തിപ്പെട്ടുവരുന്ന ജനകീയ സമരങ്ങൾ ഇടതുപക്ഷത്തിന് സൃഷ്ടിക്കുന്ന പരിക്ക് ചെറുതല്ല. ഇതിൽ സോളിഡാരിറ്റിയുടെ പങ്കിനെക്കുറിച്ചും സി.പി.എമ്മിന് ധാരണയുണ്ട്. ഒരുകാലത്ത് ജനകീയ പ്രശ്നങ്ങൾ ഏറ്റെടുത്തിരുന്ന ഇടതുപക്ഷപ്രസ്ഥാനങ്ങളുടെ സ്ഥാനത്താണ് പുതിയ ജനകീയ സമരങ്ങൾ ഉയർന്നുവരുന്നത്. ഇതിൽ പങ്കാളികളാവാനുള്ള യോഗ്യതയോ ഇതിനെ തുറന്നെതിർക്കാനുള്ള ധൈര്യമോ ഇല്ലാത്തതുകൊണ്ടാണ് മാവോയിസവും തീവ്രവാദവും ആരോപിച്ച് തകർക്കാനുള്ള ശ്രമം സർക്കാറിന്റെ ഭാഗത്തു നിന്നുണ്ടാവുന്നത്. ജനകീയ സമരങ്ങളിൽ നിന്നും ഉയിരെടുക്കുന്ന ഒരു ജനപക്ഷചേരിയെ നേരിടാനുള്ള സി.പി.എം നീക്കംകൂടിയാണിത്. തോമസ് ഐസക് ഇതിനകം തന്നെ അത് വ്യക്തമാക്കിക്കഴിഞ്ഞു. സി.ആർ നീലകണ്ഠനുനേരെ നടന്ന മൃഗീയാക്രമണവും ഇതിന്റെ തന്നെ ഭാഗമാണ്.

◄ *സോളിഡാരിറ്റി ഇസ്‌ലാമിക ആദർശത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സംഘടനയായിരിക്കെ മറ്റു മതസ്ഥർക്കും മതവിശ്വാസമില്ലാത്തവർക്കും അതിൽ അംഗത്വം നൽകുമോ?*

സോളിഡാരിറ്റിയെക്കുറിച്ച് ഈ ചോദ്യം തന്നെ അപ്രസക്തമാണ്. കേരളത്തിലെ എല്ലാവിഭാഗം യുവാക്കളും സോളിഡാരിറ്റിയിൽ ചേർന്നു പ്രവർത്തിക്കുന്നുണ്ട്. മതവിശ്വാസികൾക്കും കമ്യൂണിസ്റ്റ് പ്രപഞ്ചവീക്ഷണം അംഗീകരിക്കാത്തവർക്കും നാസ്തികവാദവും ഭൗതികവാദവും അടിസ്ഥാനമാക്കിയ കമ്യൂണിസ്റ്റ് പാർട്ടിയിൽ പ്രവർത്തിക്കാമെന്നതുപോലെ മതവിശ്വാസികൾക്കും അല്ലാത്തവർക്കും സോളിഡാരിറ്റി മുന്നോട്ടുവെക്കുന്ന നീതിയിലധിഷ്ഠിതമായ സാമൂഹികാജണ്ടയിൽ പങ്കാളികളാകാവുന്നതാണ്.

◄ *കിനാലൂരിൽ പോലീസിനു നേരെ നടന്ന ആക്രമത്തിനുപിന്നിൽ സോളിഡാരിറ്റിയാണ്?*

ആക്രമണ ലക്ഷ്യത്തോടെയല്ല കിനാലൂരിലെ ജനങ്ങൾ സമരത്തിനിറങ്ങിയത്. ഗ്രനേഡും ലാത്തിയും നേരിടാൻ തീരുമാനിക്കുന്ന ഒരു വിഭാഗം സ്വന്തം കുട്ടികളെയും ഭാര്യമാരെയും പോലീസിനു മുമ്പിലേക്കെറിഞ്ഞുകൊടുക്കുമെന്നു നിങ്ങൾ കരുതുന്നുണ്ടോ? വൻ പോലീസ് സന്നാഹത്തെ രണ്ടു ബക്കറ്റ് ചാണകവെള്ളം കൊണ്ട് നേരിടാമെന്നു ധരിക്കാൻ മാത്രം വിഡ്ഢികളാണോ കിനാലൂരുകാർ? തങ്ങളുടെ കിടപ്പാടം നഷ്ടപ്പെടുമെന്നു ഭയപ്പെടുന്ന ഒരു ജനത ഇതിനെതിരെ തങ്ങൾക്കു നടത്താവുന്ന ജനകീയ ചെറുത്തുനിൽപാണ് കിനാലൂരിലുണ്ടായത്. ഈ വൻ ജനക്കൂട്ടത്തെ മാനിച്ചു തിരിച്ചുപോവുന്നതിനു പകരം വ്യവസായമന്ത്രി ഒരു നാടിനോടു യുദ്ധം പ്രഖ്യാപിച്ചതാണ് പ്രശ്നത്തെ ഇവ്വിധം വഷളാക്കിയത്. അതിനാവശ്യമായ ആസൂത്രണം പാർട്ടി നേരത്തെ

ചെയ്തു എന്നാണ് മനസ്സിലാകുന്നത്. സമാധാനപരമായി നടക്കുന്ന സമരത്തിലേക്ക് പുറത്തുനിന്നും കല്ലേറു വന്നത് യാദൃശ്ചികമല്ല. കല്ലെറിഞ്ഞ സഖാക്കളെ പിടികൂടിയാൽ ഈ ഗൂഢാലോചന പുറത്തുകൊണ്ടുവരാവുന്നതേയുള്ളൂ. ഇതിലുപരി സോളിഡാരിറ്റി സ്വന്തമായി ഒരാസൂത്രണവും കിനാലൂരിൽ നടത്തിയിട്ടില്ല.

◄ *നിങ്ങൾ ജനകീയസമരങ്ങളിൽ നുഴഞ്ഞുകയറുകയാണെന്ന ആരോപണം ചിലപ്പോഴൊക്കെ ഉയർന്നുവരാറുണ്ട്?*

സോളിഡാരിറ്റിക്കു പരിചയമില്ലാത്ത ഒന്നാണ് നുഴഞ്ഞുകയറ്റം. കേരളത്തിലെ ജനകീയസമരങ്ങളിൽ വിശ്വസ്ത പങ്കാളിയാണിന്ന് സോളിഡാരിറ്റി. കേരളത്തിൽ നൂറോളം സമരങ്ങളിൽ സോളിഡാരിറ്റി സജീവപങ്കാളിത്തം വഹിക്കുന്നുണ്ട്. ആയിരത്തിലധികം ഗ്രാമങ്ങളിൽ ആഴത്തിൽ വേരുകളുള്ള സംഘടനക്ക് അവിടങ്ങളിൽ നിന്നുയരുന്ന ജനകീയ പ്രശ്നങ്ങളിൽ സ്വാഭാവികമായും ഇടപെടേണ്ടിവരും. ഈ ജനകീയ സമരങ്ങളുടെയൊന്നും കവാടം ആർക്കുനേരെയും കൊട്ടിയടച്ചിട്ടില്ല. സത്യസന്ധമായി സഹകരിക്കാൻ സന്നദ്ധതയുള്ള ആർക്കും നുഴഞ്ഞുകയറാതെ നേരെവന്നു മുൻവാതിലിലൂടെതന്നെ സമരത്തിൽ പ്രവേശിക്കാം.

കേരളത്തിലെ വർത്തമാനചരിത്രത്തിലെ ഉജ്വലമായ രാഷ്ട്രീയ അധ്യായങ്ങളായ ജനകീയ സമരങ്ങളിൽ ആർക്കും പങ്കാളിയാകാവുന്നതാണ്. എന്നിട്ടും എന്തുകൊണ്ട് സി.പി.എം ഇതിലൊന്നും ഒരു സാന്നിധ്യമേ അല്ലാതെപോകുന്നത് അവരും പൊതുജനവും ആലോചിക്കേണ്ടതാണ്. സോളിഡാരിറ്റിയെ വിമർശിച്ച് ജനകീയ സമരങ്ങളിൽ ഭിന്നിപ്പുണ്ടാക്കി ദുർബലപ്പെടുത്താമെന്നാണ് സി.പി.എം വ്യാമോഹിക്കുന്നത്.

◄ *കേരളത്തിലെ സഹ യുവജനസംഘടനകളെ നിങ്ങൾ എങ്ങനെയാണ് വിലയിരുത്തുന്നത്?*

ഒരു യുവജനപ്രസ്ഥാനമെന്ന നിലയിൽ ഏഴുവർഷം പ്രായമുള്ള സോളിഡാരിറ്റി കേരളത്തിലെ ഏറെ പഴക്കവും പാരമ്പര്യവുമുള്ള യുവജനപ്രസ്ഥാനങ്ങളെയും അവയുടെ പ്രവർത്തനങ്ങളെയും ഗൗരവപൂർവം വീക്ഷിക്കാറുണ്ട്. കേരളീയ യുവത്വത്തിന് ദിശാബോധം നൽകിയിരുന്ന യുവജനപ്രസ്ഥാനങ്ങളിന്ന് അധികാരത്തിൽ മാത്രം കണ്ണ് നട്ടിരിക്കുന്നവരായി മാറുന്നുവോ എന്ന് വിലയിരുത്തേണ്ടിയിരിക്കുന്നു. 17 വർഷത്തിനുശേഷം സംസ്ഥാനസമ്മേളനം സംഘടിപ്പിച്ച ഒരു യുവജനപ്രസ്ഥാനം അതിന്റെ സമ്മേളനത്തിലുടനീളം അസ്വസ്ഥപ്പെട്ടത് അധികാര നഷ്ടത്തെക്കുറിച്ച് മാത്രമാണ്. അതിലുപരി യുവാക്കളുടെ അരാഷ്ട്രീയവൽക്കരണവും തൊഴിലില്ലായ്മയും അവയെ കീഴടക്കുന്ന മുതലാളിത്ത ജീർണതയും യുവജനപ്രസ്ഥാനങ്ങളുടെ പ്രധാന അജണ്ടയായി മാറേണ്ടിയിരിക്കുന്നു. യുവാക്കളുടെ കർമശേഷിയെ ക്രിയാത്മകമായി ഉപയോഗപ്പെടുത്താനും അവർക്ക് കൃത്യമായി രാഷ്ട്രീയ സദാചാര ബോധം നൽകാനും സാധിച്ചെങ്കിൽ മാത്രമേ യുവജനപ്രസ്ഥാനങ്ങളുടെ നിലനിൽപിന് ന്യായീകരണമുള്ളൂ. ■